പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2416 18.07.2011 - ൽ മറുപടിയ്ക്ക്

ശ്രീകൃഷ്ണപുരത്ത് "ത്രിവേണി സ്റ്റോർ"

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. സി.എൻ.ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി) |
| (എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ഏതെല്ലാം കേന്ദ്രങ്ങളിൽ ആണ് കൺസ്യൂമർഫെഡിന്റെ കീഴിലുള്ള ത്രിവേണി സൂപ്പർ മാർക്കറ്റുകൾ പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ഒറ്റപ്പാലത്ത് കൺസ്യൂമർഫെഡിന്റെ കീഴിൽ ഒരു എയർ കണ്ടീഷൻഡ് ത്രിവേണി സൂപ്പർ മാർക്കറ്റ് പ്രവർത്തിക്കുന്നുണ്ട്. |
| (ബി) ഒറ്റപ്പാലം മണ്ഡലത്തിൽ ഏതെല്ലാം കേന്ദ്രങ്ങളിൽ ആണ് ത്രിവേണി സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുവാൻ പദ്ധതിയിട്ടിരിക്കുന്നതെന്ന് വിശദാംശം ലഭ്യമാക്കുമോ; | (ബി) അനുയോജ്യമായ സ്ഥലം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നോ, സഹകരണ സ്ഥാപനങ്ങളിൽ നിന്നോ, സർക്കാർ / അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിന്നോ വാടകയില്ലാതെ ലഭിക്കുന്ന പക്ഷം ത്രിവേണി സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നതാണ് |
| (സി) കേരളത്തിലെ സാധാരണ കുടുംബങ്ങളുടെ ആശ്വാസ കേന്ദ്രങ്ങളായി ത്രിവേണി സ്റ്റോറുകളെ മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (സി) ഗുണമേന്മയുള്ള നിത്യോപയോഗ സാധനങ്ങൾ കമ്പോളവിലയേക്കാൾ ഗണ്യമായ വിലക്കുറവിൽ ഉപഭോക്താക്കൾക്ക് ആവശ്യാനുസരണം ലഭ്യമാക്കുന്നതിലൂടെ തന്നെ ത്രിവേണി സ്റ്റോറുകൾക്ക് കേരളത്തിലെ സാധാരണ കുടുംബങ്ങളുടെ ആശ്വാസ കേന്ദ്രങ്ങളായി മാറാൻ കഴിഞ്ഞിട്ടുണ്ട്. നഗര പ്രദേശങ്ങളും പട്ടണങ്ങളും കേന്ദ്രീകരിച്ച് പ്രവർത്തിച്ച് വന്നിരുന്ന "ത്രിവേണി സ്റ്റോറുകൾ ", " ലിറ്റിൽ ത്രിവേണി " എന്ന പേരിൽ ഗ്രാമ പ്രദേശങ്ങളിലും വ്യാപകമായി ആരംഭിച്ചതോടെ എല്ലാ വിഭാഗം ജനങ്ങൾക്കും ഇതിന്റെ പ്രയോജനം ലഭിക്കാനിടയായി. എല്ലാ നിയോജക മണ്ഡലങ്ങളിലും "ത്രിവേണി സ്റ്റോറുകൾ " ആരംഭിച്ച് കൂടുതൽ ഉപഭോക്താക്കൾക്ക് അവയുടെ സേവനം ലഭ്യമാക്കി. |

ത്രിവേണി സ്റ്റോറുകളിലും ലഭ്യമാക്കി സാധാരണ ജനങ്ങൾക്ക് ആശ്വാസം നൽകി വരുന്നു. മേൽ വിവരിച്ച നടപടികളിലൂടെ ത്രിവേണി സ്റ്റോറുകൾ ഗുണ മേന്മയുടെയും, വിലക്കുറവിന്റെയും വിശ്വാസ്യതയുടെയും സേവനത്തിന്റെയും പര്യായമായി മാറുകയും കേരള ജനതയുടെ നിത്യ ജീവിതത്തിലെ അവിഭാജ്യ ഘടകമായി മാറുകയും ചെയ്തിട്ടുണ്ട്

(ഡി) ഒറ്റപ്പാലം മണ്ഡലത്തിലെ ശ്രീകൃഷ്ണപുരത്ത് ത്രിവേണി സ്റ്റോർ എപ്പോൾ ആരംഭിക്കും എന്ന് വ്യക്തമാക്കാമോ?

(ഡി) അനുയോജ്യമായ സ്ഥലം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നോ, സഹകരണ സ്ഥാപനങ്ങളിൽ നിന്നോ, സർക്കാർ / അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിന്നോ വാടകയില്ലാതെ ലഭിക്കുന്ന പക്ഷം ത്രിവേണി സ്റ്റോർ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ